# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പാലക്കാട് ജില്ലയിലെ മണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാ.ധാ) നം.136/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:13/01/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 26/05/2014-ലെ എം3-15340/14 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25/9/2015 ലെ എൽ.എഫ്. 10865/പിറ്റി2/015 നമ്പർ കത്ത്

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ മണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വൃദ്ധർക്ക് കമ്പിളി, വടി, കട്ടിൽ എന്നിവയ്ക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 79,485/-രൂപ, 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആശ്രയവൃദ്ധർക്ക് ഉച്ചഭക്ഷണം എന്ന പ്രോജക്ടിന് വേണ്ടി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 1,99,999/- രൂപ, 2008-09 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആശ്രയവൃദ്ധർക്ക് ഉച്ചഭക്ഷണം എന്ന പ്രോജക്ടിന് വേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 1,98,589/-രൂപ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 പ്രകാരം എസ്.സി വൃദ്ധർക്ക് കട്ടിൽ, പുതപ്പ് എന്നിവയ്ക്കായി വികസനഫണ്ടിൽ നിന്നും ചിലവഴിച്ച് 2,00,000/-രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും, ഭരണസമിതി തീരുമാനവും, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സഹിതം പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ സാധൂകരണം നൽകുന്ന വിഷയത്തിലും പ്രസ്തുത തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആശ്രയപദ്ധതിയ്ക്ക് കീഴിലുള്ള പാചകം ചെയ്ത ഭക്ഷണ വിതരണം അനുവദിക്കാവുന്നതാണ്. കമ്പിളി, വടി , കട്ടിൽ എന്നിവയുടെ വിതരണം അനുവദിക്കാനാവില്ല. ആയതിനാൽ പാലക്കാട് ജില്ലയിലെ മണ്ണൂർ

ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വൃദ്ധർക്ക് കമ്പിളി, വടി, കട്ടിൽ എന്നിവയ്ക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 79,485/-( എഴുപത്തിയൊമ്പതിനായിരത്തി നാനൂറ്റിഎൺപത്തിയഞ്ച് രൂപാ മാത്രം) രൂപ, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 പ്രകാരം എസ്.സി വൃദ്ധർക്ക് കട്ടിൽ, പുതപ്പ് എന്നിവയ്ക്കായി വികസനഫണ്ടിൽ നിന്നും ചിലവഴിച്ച 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപ യുടെ ചിലവ് നിരാകരിച്ചും 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആശ്രയവൃദ്ധർക്ക് ഉച്ചഭക്ഷണം എന്ന പ്രോജക്ടിന് വേണ്ടി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 1,99,999/- (ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊമ്പത് രൂപ മാത്രം) രൂപ, 2008-09 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആശ്രയവൃദ്ധർക്ക് ഉച്ചഭക്ഷണം എന്ന പ്രോജക്ടിന് വേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 1,98,589/-(ഒരു ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയൊമ്പത് രൂപ മാത്രം) രൂപ എന്നിവയ്ക്ക് സാധൂകരണം നൽകിയും, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.ആർ.പഴനിയമ്മ**
**ഡെപ്യൂട്ടി സെക്രട്ടറി**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡന്റ്, മണ്ണൂർ ഗ്രാമ പഞ്ചായത്ത്,പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**